ജില്ലയിൽ മറുനാടൻ ബ്ലേഡ് മാഫിയകൾ പിടിമുറുക്കുന്നു : ലക്ഷ്യം വെയ്ക്കുന്നത് കുട്ടനാടൻ മേഖല

ആലപ്പുഴ: തീരമേഖലയിലെ വറുതിയും അധ്യയന വർഷാരംഭവും മുതലെടുക്കാൻ ജില്ലയിൽ ബ്ലേഡ് സംഘങ്ങൾ സജീവം. തമിഴ്നാട്ടിൽ നിന്നുള്ള സംഘങ്ങൾ ഉൾപ്പടെ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ ഇടപാടുകാരെ വലവീശാൻ രംഗത്തുണ്ട്. പ്രളയകെടുതികൾ നേരിട്ട കുട്ടനാട് പോലെയുള്ള പ്രദേശങ്ങളിൽ ഗൃഹോപകരണങ്ങളുടെ വിൽപനയാണ് ഇവർ നടത്തുന്നത്.

തവണകളായി പണം ഇടാക്കുന്ന വ്യവസ്ഥയിൽ നൽകുന്ന സാധനങ്ങൾക്ക് പക്ഷേ വില ഇരട്ടിയോളമാണ്.തമിഴ്നാട്ടിലെ പലിശ സംഘങ്ങൾ വ്യാപാരികൾക്കാണ് പണം നൽകുന്നത്. ഇവരുടെ കെണിയിൽപ്പെട്ട് വൻ വ്യാപാര സ്ഥാപനങ്ങൾ പോലും പാപ്പരായ അനുഭവങ്ങളുണ്ടെങ്കിലും പലരും വീണ്ടും അവരെ തന്നെ സമീപിക്കുന്നു.

ഓട്ടോ റിക്ഷയിൽ സഞ്ചരിച്ച് ലക്ഷങ്ങളുടെ അനധികൃത പണമിടപാട് നടത്തിയിരുന്നയാൾ അടുത്തിടെ ചേർത്തലയിൽ പിടിയിലായിരുന്നു. കുറുപ്പംകുളങ്ങര സ്വദേശിയാണ് അറസ്റ്റിലായത്. ചേർത്തല, പൂച്ചാക്കൽ, പള്ളിപ്പുറം, അർത്തുങ്കൽ, മാരാരിക്കുളം, പട്ടണക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ ഇയാൾക്ക് പലിശയ്ക്ക് പണം കൊടുക്കുന്ന ഇടപാടുള്ളതായി പോലീസ് കണ്ടെത്തി.വിവാഹം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഉയർന്ന പലിശയ്ക്കു പണം നൽകി വസ്തു ഈട് വാങ്ങുകയും പിന്നീട് ഇതു കൈക്കലാക്കുന്നതുമായിരുന്നു രീതിയെന്നു പോലീസ് പറയുന്നു.

പിടിയിലാകുമ്പോൾ 20000 രൂപയും 4,50,000 രൂപയുടെ തീയതിയില്ലാത്ത രണ്ട് ചെക്കുകളും അഞ്ച് ലക്ഷത്തിന്റെ പ്രോമിസറി നോട്ടുകളും കണ്ടെടുക്കുകയും ചെയ്തു. വീട്ടിൽ നടത്തിയ പരിശോധനയിൽ 16 പ്രമാണങ്ങൾ, പ്രമാണങ്ങളുടെ അടയാള സഹിതമുള്ള പകർപ്പുകൾ, കരാർ ഉടമ്പടികൾ,പണം കൊടുത്തത് രേഖപ്പെടുത്തിയ ബുക്കുകൾ, പലിശയും കൂട്ടുപലിശയും എഴുതിയ പേപ്പറുകൾ തുടങ്ങിയവ ലഭിച്ചു. ഒന്നരകോടിയോളം രൂപയുടെ ഇടപാടുകൾ ഇയാൾ നടത്തിയതായാണ് പ്രാഥമിക നിഗമനം.

ആന്ധ്രയിൽ നിന്നുള്ള പലിശക്കാരും പ്രവർത്തനം നടത്തുന്നതായി സൂചന ലഭിച്ചിട്ടുണ്ട്. ഏജന്റുമാരെ ഉപയോഗിച്ചാണ് വ്യക്തികളെയും സ്ഥാപനങ്ങളെയും ഇവർ വലയിൽപ്പെടുത്തുന്നത്. കൊള്ളപ്പലിശയ്ക്കു പണമിടപാടു നടത്തുന്ന വ്യക്തികളെയും സ്വകാര്യ സ്ഥാപനങ്ങളെയും സംബന്ധിച്ച വിവരങ്ങൾ പോലീസ് ശേഖരിക്കുന്നുണ്ട്. കേരളത്തിൽ നടക്കുന്ന കോടികളുടെ പലിശ ഇടപാടുകൾ തമിഴ്നാട്ടിലിരുന്ന് നിയന്ത്രിക്കുന്ന മാഫിയ തലവനെ മുമ്പ് കസ്റ്റഡിയിലെടുത്തു കൊച്ചിയിലേക്കു കൊണ്ടുവരും വഴി കോയമ്പത്തൂരിൽ വച്ച് ഗുണ്ടാസംഘം ബലമായി മോചിപ്പിച്ച സംഭവമുണ്ടായിരുന്നു.

ഇയാളുടെ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളിയതിനെ തുടർന്നാണ് കൊച്ചിയിൽ നിന്നുള്ള പോലീസ് സംഘം തമിഴ്നാട്ടിലെ ഒളിസങ്കേതത്തിൽ നിന്ന് കസ്റ്റഡിയിലെടുത്തത്. എന്നാൽ വാഹനങ്ങളിൽ പിന്തുടർന്നെത്തിയ സായുധസംഘത്തിനു മുമ്പിൽ കേരള പോലീസിന് ഒന്നും ചെയ്യാനായില്ല. വൻകിട ആശുപത്രികൾ, സിനിമ മേഖല, വസ്ത്ര വിൽപന ശാലകൾ, സീ ഫുഡ് ഫാക്ടറികൾ തുടങ്ങിയവയിലെ പ്രമുഖരുമായിട്ടാണ് വൻ സംഘങ്ങളുടെ ഇടപാടുകൾ.

ഈ വകയിൽ കോടികളാണ് കേരളത്തിൽ നിന്ന് തമിഴ്നാട്ടിലേക്ക് കടത്തിക്കൊണ്ടു പോകുന്നത്. ഫ്ളാറ്റുകൾ കേന്ദ്രീകരിച്ചാണ് വൻകിട സംഘങ്ങൾ ബിസിനസ് കൊഴുപ്പിക്കുന്നത്. കെട്ടിടങ്ങൾ വാടകയ്ക്കെടുത്ത് സംഘമായി തങ്ങുന്ന രീതിയുമുണ്ട്. പലിശയ്ക്കു കൊടുക്കാൻ ഉപയോഗിക്കുന്നതിൽ അധികവും കള്ളപ്പണമാണെന്നാണ് സംശയം.

രക്തസാക്ഷിത്വദിനാചരണം ഇന്ന്

ആലപ്പുഴ : മുൻ പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ 28-ാം രക്തസാക്ഷിത്വദിനം ഇന്ന് രാവിലെ 10 ന് ഡി സി സി യിൽ പുഷ്പാർച്ചനയും അനുസ്മരണ സമ്മേളനവും നടക്കുമെന്ന് ഡി. സി. സി പ്രസിഡൻറ് എം. ലിജു അറിയിച്ചു. അനുസ്മരണ സമ്മേളനം കെ. പി. സി. സി. രാഷ്ട്രീയകാര്യ സമിതി അംഗവും ആലപ്പുഴ പാർലമെൻറ് മണ്ഡലത്തിലെ യു. ഡി. എഫ് സ്ഥാനാർത്ഥിയുമായ ഷാനിമോൾ ഉസ്മാൻ ഉദ്ഘാടനം ചെയ്യും. ജില്ലയിലെ ബ്ലോക്ക്, മണ്ഡലം, ബൂത്ത് കമ്മറ്റികളുടെ ആഭിമുഖ്യത്തിലും രാജീവ് ഗാന്ധിയുടെ രക്തസാക്ഷിത്വദിനം സമുചിതമായി ആചരിക്കും.

മാവേലിക്കര: മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ രക്തസാക്ഷിത്വദിനം ചൊവ്വാഴ്ച മാവേലിക്കര ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആചരിക്കും. രാവിലെ പത്തിന് നടക്കുന്ന അനുസ്മരണ സമ്മേളനം യു. ഡി. എഫ്. ജില്ലാ ചെയർമാൻ എം. മുരളി ഉദ്ഘാടനം ചെയ്യും. കെ. ഗോപൻ അധ്യക്ഷനാകും.

മെഡിസെപ്; ഫോം 23നകം ട്രഷറിയിൽ നൽകണം

ആലപ്പുഴ: സംസ്ഥാന സർക്കാർ പെൻഷൻകാർക്കായി നടപ്പാക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ (മെഡിസെപ്) വിവര ശേഖരണത്തിനുള്ള ഫോം പൂരിപ്പിച്ച് നൽകാത്ത പെൻഷൻകാർ 23നകം ഫോം പൂരിപ്പിച്ച് അടുത്തുള്ള ട്രഷറിയിൽ ഏൽപ്പിക്കണമെന്ന് ജില്ലാ ട്രഷറി ഓഫീസർ അറിയിച്ചു.

ജനശ്രീ സുസ്ഥിര വികസന മിഷൻ
യൂണിയൻ, ഹരിപ്പാട്
ഏകദിന ശില്പശാല
ഐഡിയൽ കോളേജ് ചിങ്ങോലി
18.05.2019
ഉദ്ഘാടനം: അഡ്വ. എം. ലിജു
മുഖ്യപ്രഭാഷണം: ശ്രീ. കെ. കെ. നൗഷാദ്

ജനശ്രീ ഹരിപ്പാട് ബ്ലോക്ക് യൂണിയന്റെ നേതൃത്വത്തിൽ നടന്ന ഏകദിന ശില്പശാല ഡിസി സി പ്രസിഡന്റ് അഡ്വ. എം ലിജു ഉദ്ഘാടനം ചെയ്യുന്നു

ആരോഗ്യ രംഗത്തെ ജനശ്രീ പ്രവർത്തനം മാതൃകാപരം : അഡ്വ. എം ലിജു

ഹരിപ്പാട് : ആരോഗ്യ രംഗത്തെ ജനശ്രീയുടെ പ്രവർത്തനം മാതൃകാപരമാണെന്ന് ഡിസി സി പ്രസിഡന്റ് അഡ്വ. എം ലിജു പറഞ്ഞു. ജനശ്രീ ഹരിപ്പാട് ബ്ലോക്ക് യൂണിയന്റെ നേതൃത്വത്തിൽ നടന്ന ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനശ്രീ ജില്ലാ മിഷൻ നടപ്പിലാക്കി വരുന്ന വൈദ്യശ്രീയിലൂടെ ആരോഗ്യമുള്ള അമ്മയും കുഞ്ഞും പദ്ധതി നടപ്പിലാക്കുന്നതിലും അനുമോദിച്ചു. കുടുംബ കൂട്ടായ്മയിലൂടെ ജനകീയ കൂട്ടായ്മ ലക്ഷ്യമിട്ടു കൊണ്ട് 2007 ൽ എം. എം ഹസ്സൻ ആരംഭിച്ച ജനശ്രീയുടെ പ്രവർത്തനം ശക്തി പ്രാപിച്ചതിൽ അനുമോദിച്ചു. വീട്ടിൽ ഒരു അടുക്കള തോട്ടം പദ്ധതിയും ചെറുകിട സംരംഭങ്ങളെ ശ്ക്തിപ്പെടുത്തി കൊണ്ട് അംഗങ്ങളെ സ്വയംപര്യാപ്തമാക്കുന്നതിലുള്ള ശ്രമങ്ങളിലും ജനശ്രീ വലിയ വിജയം നേടി.

എസ്. എൽ. സി, സി. ബി. എസ്. ഇ പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടികളെ യോഗത്തിൽ വെച്ച് ആദരിച്ചു. ജനശ്രീ ചെയർമാൻ കെ.കെ നൗഷാദ് മുഖ്യപ്രഭാഷണം നടത്തി. ഹരിപ്പാട് ബ്ലോക്ക് യൂണിയൻ ചെയർമാൻ ബി.പ്രസന്നകുമാർ അദ്ധ്യക്ഷത വഹിച്ചു. ജൈവശ്രീ വിഭവ സമാഹരണവും വില്പനയും ചെറുകിട സംരംഭങ്ങളും എന്ന വിഷയത്തിൽ സി. ഇ. ഒ കൊല്ലം പണിക്കർ ക്ലാസ്സ് നയിച്ചു.

ജനശ്രീ ആലപ്പുഴ ജില്ലാ മിഷൻ ആവിഷ്ക്കരിച്ചു വരുന്ന വിവിധ പദ്ധതികളെ കുറിച്ച് ജില്ലാ സെക്രട്ടറി ഡോ. ബേബി കമലം ക്ലാസ്സ് നയിച്ചു. ആരോഗ്യമുള്ള അമ്മയും കുഞ്ഞും വിഷയത്തിൽ വൈദ്യശ്രീ പ്രൊജക്ട് മാനേജർ ഡോ. വിജി ക്ലാസ്സ് നയിച്ചു.

ജില്ലാ ട്രഷറർ വി.രാജു, ജനശ്രീ കേന്ദ്രസമിതി അംഗം കായലിൽ രാജപ്പൻ, മാവേലലിക്കര ബ്ലോക്ക് യൂണിയൻ ചെയർമാൻ കെ. ജി ഷാ, ജില്ലാ എക്സിക്യൂട്ടീവ് അംഗം പി.ജി ഗോപി, ബ്ലോക്ക് യൂണിയൻ സെക്രട്ടറി എ.വാമൻ, ബ്ലോക്ക് യൂണിയൻ ട്രഷറർ ശോഭന ഓമനക്കുട്ടൻ, എൻ.ഉപേന്ദ്രൻ എന്നിവർ സംസാരിച്ചു.

വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ജീവനക്കാർ രാവിലെ ആറ് മണിക്ക് എത്തണം

ആലപ്പുഴ: വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ 23ന് രാവിലെ ആറ് മണിക്ക് എത്തണമെന്ന് ജില്ലാ കളക്ടർ എസ്.സുഹാസ് പറഞ്ഞു. വോട്ടെടുപ്പിന്റെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് കളക്ടർ വിളിച്ചുചേർത്ത അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൗണ്ടിങ്ങ് സെന്ററുകളിലേക്ക് പ്രവേശനമുള്ള രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്ക് അതത് എ.ആർ.ഓമാർ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യും.

ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ടെണ്ണലിൽ ഓരോ വോട്ടിംങ് യന്ത്രത്തിലും രേഖപ്പെടുത്തിയ വോട്ടുകളുടെ കണക്ക് പരിശോധിക്കാൻ പ്രത്യേകം നിരീക്ഷകരെ നിയമിക്കും. ആലപ്പുഴ, മാവേലിക്കര ലോക്സഭാ മണ്ഡലങ്ങളിലായി നാല് വീതം നിരീക്ഷകരെയാണ് നിയമിക്കുന്നത്. ഇരു ലോക്സഭാ മണ്ഡലങ്ങളിലേയും വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ഇവരുടെ സാന്നിധ്യമുണ്ടാകും. ഓരോ യന്ത്രത്തിലേയും വോട്ടുകൾ എണ്ണി ഓരോ സ്ഥാനാർത്ഥിക്കും ലഭിച്ച വോട്ടുകൾ നിരീക്ഷകരെ കൂടി ബോധ്യപ്പെടുത്തിയ ശേഷമാകും വരണാധികാരിക്ക് നൽകുന്നത്.

കൗണ്ടിംഗ് സൂപ്പർവൈസർ, കൗണ്ടിംഗ് അസിസ്റ്റന്റ്, സൂക്ഷ്മ നിരീക്ഷകൻ, എന്നിവരുടെ സാന്നിധ്യത്തിലാണ് ഓരോ വോട്ടെണ്ണൽ മേശയിലുമുള്ള വോട്ടിങ് യന്ത്രത്തിലെ വോട്ടുകൾ എണ്ണുന്നത്. സ്ഥാനാർത്ഥികളുടെ ഏജന്റുമാർക്കും ഇത് പരിശോധിക്കാം. യന്ത്രങ്ങളിലെ വോട്ടെണ്ണൽ പൂർണ്ണമായ ശേഷം ഓരോ നിയമസഭകളിൽ നിന്നും നിരീക്ഷകന്റെ സാന്നിധ്യത്തിൽ ഉപവരണാധികാരി നറുക്കെടുക്കുന്ന അഞ്ച് ബൂത്തുകളിലെ വിവിപാറ്റ് യന്ത്രത്തിലെ രസീതുകൾ എണ്ണും.

ഒരു സമയം ഒരു വിവിപാറ്റ് യന്ത്രത്തിലെ രസീതുകളാണ് എണ്ണുന്നത്. എണ്ണിതീർന്ന വോട്ടെണ്ണൽ യന്ത്രങ്ങൾ സൂക്ഷിക്കാൻ പ്രത്യേകം ഉദ്യോഗസ്ഥരേയും നിയമിച്ചിട്ടുണ്ട്. ഒരു വോട്ടെണ്ണൽ മേശയിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കും കൗണ്ടിംഗ് ഏജന്റുമാർക്കും മറ്റ് മേശകളുടെ സമീപത്തേക്ക് പോകാൻ അനുവാദമില്ല. ഓരോ നിയമസഭാ മണ്ഡലങ്ങളിലേയും വോട്ടിങ്ങ് യന്ത്രങ്ങൾ എണ്ണുന്നതിനായി 14 വോട്ടെണ്ണൽ മേശകളും ഉപവരണാധികാരിക്കുള്ള ഒരു മേശയുമാണ് സജ്ജീകരിച്ചിട്ടുള്ളത്. ഇരു മണ്ഡലങ്ങളിലേയും പോസ്റ്റൽ ബാലറ്റുകൾ, ഇലക്ട്രോണിക് ബാലറ്റുകൾ എന്നിവ എണ്ണുന്നതിനായി കലക്ടറേറ്റിൽ പ്രത്യേക സംവിധാനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

ലിയോ തേർട്ടീന്ത് സ്കൂൾ, സെന്റ് ജോസഫ്സ് സ്കൂൾ, സെന്റ് ജോസഫ്സ് കോളജ്, തിരുവമ്പാടി സ്കൂൾ, എസ്.ഡി. കോളജ് എന്നിവിടങ്ങളിലാണ് വോട്ടിങ് യന്ത്രങ്ങൾ എണ്ണുന്നത്. യോഗത്തിൽ ജില്ലാ പോലീസ് മേധാവി കെ.എം.ടോമി, സബ്കളക്ടർ വി.ആർ.കൃഷ്ണതേജ, മറ്റ് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

സ്കൂൾ പഠനോപകരണ മേള

തുറവൂർ: കൺസ്യൂമർ ഫെഡിന്റെയും തുറവൂർ പഞ്ചായത്ത് പട്ടികജാതി സർവീസ് സഹകരണ ബാങ്കിന്റെയും ആഭിമുഖ്യത്തിൽ തുറവൂർ കവലയ്ക്ക് കിഴക്കുവശം സ്കൂൾ-കോളജ് വിദ്യാർത്ഥികളുടെ പഠനോപകരണ മേള ആരംഭിച്ചു.

ഇതിന്റെ ഉദ്ഘാടനം തുറവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അനിതാസോമൻ നിർവഹിച്ചു. സംഘം പ്രസിഡന്റ് പി. മാധവൻ അധ്യക്ഷനായി. ആർ. രൂപേഷ് പൈ, ആർ. ദീപു എന്നിവർ പ്രസംഗിച്ചു.

അനുമോദിച്ചു

തുറവൂർ: എസ്.എസ്. എൽ. സി. പ്ലസ് ടൂ പരീക്ഷയിൽ മികച്ച വിജയം നേടിയ കുട്ടികളെ ദളിത കൂട്ടായ്മ അനുമോദിച്ചു.

എ. എസ്. ഐ. എസ്. സന്തോഷ് ഉദ്ഘാടനം ചെയ്തു. രതീഷ് ബാബു, യു. ആർ. ഷാജി, കെ. റ്റി. രജീഷ് കുമാർ. ശ്യാമ, രാജേഷ് ബാബു എന്നിവർ പ്രസംഗിച്ചു.

കോൺഗ്രസ് പ്രവർത്തകർ പാണാവള്ളി പഞ്ചായത്താഫീസിനു മുന്നിൽ നടത്തിയ ധർണ്ണ

കോൺഗ്രസ് ഗ്രാമപഞ്ചായത്ത് ആഫിസിലേക്ക് മാർച്ചും ധർണ്ണയും നടത്തി

പൂച്ചാക്കൽ: കോൺഗ്രസ് പാണാവള്ളി സൗത്ത്, നോർത്ത് മണ്ഡലം കമ്മറ്റികളുടെ നേതൃത്വത്തിൽ പാണാവള്ളി ഗ്രാമപഞ്ചായത്ത് ആഫിസിലേക്ക് മാർച്ചും ധർണ്ണയും നടത്തി. അഗതികൾക്ക് പോഷകാഹാര കിറ്റ് വിതരണം ചെയ്യുക, ശ്രീകണ്ഠേശ്വരം സ്കൂൾ റോഡ് പുനർനിർമ്മിക്കുക, തീരദേശത്ത് മത്സ്യതൊഴിലാളികൾക്ക് വീട് നിർമ്മിക്കാൻ അനുമതി നൽകുക, കോൺഗ്രസ് പഞ്ചായത്തംഗങ്ങൾക്കെതിരെ നിയമ വിരുദ്ധ നടപടികൾ കൈക്കൊള്ളുന്നത് അവസാനിപ്പിക്കുക, അയൽക്കൂട്ടങ്ങളുടെ റദ്ദ് ചെയ്ത അഫിലിയേഷൻ പുന:സ്ഥാപിക്കുക, പഞ്ചായത്തിന്റെ കളിസ്ഥലം സംരക്ഷിക്കുക, പ്രളയ ദുരിതാശ്വാസം അനുവദിക്കുക തുടങ്ങിയ 25 ഓളം ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു സമരം.

പൂച്ചാക്കൽ ജംഗ്ഷനിൽ നിന്നാണ് മാർച്ച് ആരംഭിച്ചത്. പഞ്ചായത്താഫീസിനു മുന്നിൽ മാർച്ച് പോലിസ് തടഞ്ഞു. തുടർന്ന് നടന്ന ധർണ്ണ ഡി.സി.സി ജന: സെക്രട്ടറി ടി. കെ. പ്രതുലചന്ദ്രൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് എ.കെ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. എം.ആർ.രവി, എസ്.രാജേഷ്, കെ. എ.സുധാകരൻ,എം.രജനി, വിനീഷ് കുമാർ, ആന്റപ്പൻ, ജോസ് കുര്യൻ, എൻ.എം. ഷിഹാബ്, ടി.എം. ഹാഷിം, സി.പി. വിനോദ് കുമാർ, സി.സി സുധീഷ്, റഫീഖ്, ബിജുലാൽ, വി. എ. മോഹനൻ എന്നിവർ സംസാരിച്ചു. ഷാജി കരീച്ചിറ, ജബ്ബാർ, ഉമേഷ്, പളനി, സീന പ്രദീപ്, ഉഷാദേവി എന്നിവർ മാർച്ചിന് നേതൃത്വം നൽകി.

പ്രളയ സെസ് തീരുമാനം പുന:പരിശോധിക്കണം

ആലപ്പുഴ : ജി.എസ്.റ്റിയിൽ കേരള സർക്കാർ നടപ്പിലാക്കാൻ പോകുന്ന ഒരു ശതമാനം പ്രളയ സെസ് നടപ്പിലാക്കരുതെന്നും തീരുമാനം പുന:പരിശോധിക്കണമെന്നും കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി രാജു അപ്സര ആവശ്യപ്പെട്ടു. വ്യാപാര മാന്ദ്യം നിലവിലുള്ള സാഹചര്യത്തിൽ വിലവർദ്ധനവിനും വ്യാപാര മേഖലയുടെ തകർച്ചക്കും ഇത് കാരണമാകും. ആലപ്പുഴ സൗത്ത് യൂണിറ്റ് വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് കെ. കെ. നായർ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ജനറൽ സെക്രട്ടറി വി.സബിൽരാജ്. ട്രഷറർ ജേക്കബ് ജോൺ, ജില്ലാ വൈസ് പ്രസിഡന്റുമാരായ കെ.എസ്.മുഹമ്മദ്, ആർ. സുഭാഷ്, സെക്രട്ടറി മുഹമ്മദ് നജീബ് തുടങ്ങിയവർ പ്രസംഗിച്ചു. അടുത്ത രണ്ട് വർഷത്തേക്കുള്ള ഭാരവാഹികളെ പൊതുയോഗം തെരഞ്ഞെടുത്തു.മുഹമ്മദ് നജീബ് (പ്രസിഡന്റ്) വിശ്വ കുമാർ (ജനറൽ സെക്രട്ടറി) ജോൺകുട്ടി (ട്രഷറർ) സാബു വർഗ്ഗീസ്, അഷ്കർ, ഹരികുമാർ ,എം.എച്ച്.അഷറഫ് (വൈസ് പ്രസിഡന്റ്മാർ) താജുദ്ദീൻ, അഹമ്മദ്, ബി. നൈസാം, സുൽഫി മഹിമ (സെക്രട്ടറിമാർ) കെ.കെ.നായർ (രക്ഷാധികാരി).

മെറിറ്റ് അവാർഡ് വിതരണം

കായംകുളം : ജില്ലാ പഞ്ചായത്ത് കൃഷ്ണപുരം ഡിവിഷനിൽ നടത്തിവരാറുള്ള എഡ്വൈസ് 2019 മെറിറ്റ് അവാർഡിനായി വിവരശേഖരണം തുടങ്ങി. എസ്.എസ്.എൽ.സിക്കും പ്ലസ് ടുവിനും സ്റ്റേറ്റ് സിലബസിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് കിട്ടിയവരേയും സെൻട്രൽ സിലബസിൽ 90% ന് മുകളിൽ വിജയം കൈവരിച്ചവരേയും 100% വിജയം കൈവരിച്ച ഡിവിഷനിലെ വിദ്യാലയങ്ങളെയും കൂടാതെ കലാ-സാംസ്കാരിക മേഖലയിൽ ഉന്നതവിജയം നേടിയവരേയും ഉൾപ്പെടുത്തിയാണ് പരിപാടി സംഘടിപ്പിക്കുന്നത്. ജൂൺ മാസം അവസാനത്തോടുകൂടി നടത്താനുദ്ദേശിക്കുന്ന മെറിറ്റ് അവാർഡിലേക്ക് കൃഷ്ണപുരം, ദേവികുളങ്ങര, വള്ളികുന്നം, കണ്ടല്ലൂർ എന്നീ പഞ്ചായത്ത് പരിധിയിൽ കഴിയുന്നവരിൽ നിന്നുമാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. പാസ്പോർട്ട് സൈസ് ഫോട്ടോയും, മാർക്ക് ലിസ്റ്റിന്റെ കോപ്പിയും കൃത്യമായ മേൽവിലാസവും ഫോൺ നമ്പരും ഉൾപ്പെടെ ജൂൺ 15 ന് മുമ്പ് അരിതാ ബാബു, അജേഷ് നിവാസ്, ഗോവിന്ദമുട്ടം പി.ഒ, കായംകുളം (ഫോൺ : 8129856040) എന്ന മേൽവിലാസത്തിൽ ബന്ധപ്പെടണം.

പരീക്ഷാ പരിശീലനം

മാവേലിക്കര : പുന്നമൂട് പബ്ലിക് ലൈബ്രറി സംഘടിപ്പിക്കുന്ന സിവിൽ സർവീസ് പരീക്ഷാ പരിശീലനം കെ.ഗംഗാധരപ്പണിക്കർ ഉദ്ഘാടനം ചെയ്തു. ലൈബ്രറി പ്രസിഡന്റ് ഡേവിഡ് മാത്യു അധ്യക്ഷനായി. റവ. റജിഡാൻ കെ.ഫിലിപ്പോസ്, എൻ.രവികുമാർ, പി.ചന്ദ്രൻ, വി.രാഘവൻ, പി.കെ.ജയമോഹൻ, ബെന്നി മാത്യു, പി.രിജ എന്നിവർ പ്രസംഗിച്ചു. 20 ആഴ്ച നീളുന്ന പരിശീലനം സൗജന്യമായാണ് നടത്തുന്നത്. ഫോൺ: 98911 70853

കേരള വ്യാപാരി വ്യവസായി ഏകോപന സമിതി
ടൗൺ സൗത്ത് യൂണിറ്റ്, ആലപ്പുഴ
ദ്വൈവാർഷിക പൊതുയോഗവും തെരഞ്ഞെടുപ്പും
2019 മെയ് 19 ഞായറാഴ്ച വൈകിട്ട് 4 മണി
ഹോട്ടൽ കൊച്ചിൻ മജ്ലിസ്
ഉദ്ഘാടനം : ശ്രീ. രാജു അപ്സര
(സംസ്ഥാന ജന. സെക്രട്ടറി)
a new food concepts to you.....
Cochin Majlis

കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ആലപ്പുഴ സൗത്ത് യൂണിറ്റ് വാർഷിക പൊതുയോഗം സംസ്ഥാന ജനറൽ സെക്രട്ടറി രാജു അപ്സര ഉദ്ഘാടനം ചെയ്യുന്നു

ഗജമേളയ്ക്ക് പോയി മടങ്ങുകയായിരുന്ന ആനയ്ക്കും പാപ്പാനും കാറിടിച്ച് പരിക്ക്

ചെങ്ങന്നൂർ: - ഗജമേളയ്ക്ക് പോയി മടങ്ങുകയായിരുന്ന ആനയെ കാർ ഇടിച്ച് പരിക്കേൽപ്പിച്ചു. തിരുവൻവണ്ടൂർ ഗജമേളയ്ക്ക് പോയി രാത്രി മടങ്ങുകയായിരുന്ന പെരിങ്ങിലപ്പുറം ശ്രീഭുവനേശ്വരി ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള അപ്പു എന്ന ആനയ്ക്കും പാപ്പാനായ തോന്നയ്ക്കാട് ഇലഞ്ഞിമേൽ മംഗലത്തേതിൽ ഗോപിനാഥൻ നായർ (53) നുമാണ് പരിക്കേറ്റത്.ഇടിയുടെ ആഘാതത്താൽ കാറിന്റെ മുൻഭാഗം നിശ്ശേഷംം തകർന്നു.

പുലിയൂർ വടക്കേ മുക്കിനു സമീപമായിരുന്നു അപകടം. പിന്നിൽ നിന്നു വന്ന കാർ ആനയുടെ പിൽകാലുകളിലും തുടർന്ന് പാപ്പാനേയും ഇടിയ്ക്കുകയായിരുന്നു. എലിഫന്റ് സ്ക്വാർഡിലെ ഡോ. ഉണ്ണികൃഷ്ണൻ ആനയെ പരിശോധിച്ചു. പരിക്കേറ്റ പാപ്പാനെ തട്ടാരമ്പലത്തിലുള്ള സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മദ്യലഹരിയിലായിരുന്ന കൊല്ലകടവ് സ്വദേശിയായ കാർ ഡ്രൈവറെ ചെങ്ങന്നൂർ പോലീസ് കസ്റ്റഡിയിലെടുത്തു. ആനയുടെ പരിക്ക് ഗുരുതരമല്ലന്ന് ഡോക്ടർ പറഞ്ഞു.

ചരസുമായി യുവാവ് പിടിയിൽ

ആലപ്പുഴ : ആലപ്പുഴ എക്സൈസ് റേഞ്ച് പരിധിയിൽ നിന്നും ചരസുമായി യുവാവിനെ പിടികൂടി. അമ്പലപ്പുഴ താലൂക്കിൽ ആര്യാട് സൗത്ത് വില്ലേജിൽ കൊറ്റംകുളങ്ങര പ്രദേശത്ത് രാജേഷ് ഭവനത്തിൽ ജയകൃഷ്ണൻ (21) നെയാണ് ആലപ്പുഴ എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ വി. ജെ. റോയിയുടെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്.പ്രതിയുടെ അമ്മൂമ്മയുടെ വീടായ മണ്ണഞ്ചേരി ചിയാംവെളിയിൽ താമസിച്ചുവരവെയാണ് പ്രതിയെ പിടികൂടിയത്. പ്രതിയിൽ നിന്നും 7 ഗ്രാം ചരസ് പിടിച്ചെടുത്തു.

ഹിമാചൽ പ്രദേശിലെ കുളു, മണാലി, കസോള എന്നിവിടങ്ങളിൽ നിന്നാണ് ചരസ് കൊണ്ടുവരുന്നത്. 4 മാസം മുമ്പ് കൈചൂണ്ടിമുക്ക് കിഴക്ക് വടികാട് മുക്ക് പ്രദേശത്ത് നിന്ന് കഞ്ചാവുമായി പിടികൂടിയ യുവാക്കൾക്ക് കഞ്ചാവ് എത്തിച്ചു നൽകിയത് ജയകൃഷ്ണനായിരുന്നു. എക്സൈസ് അന്വേഷിക്കുന്നതായി വിവരമറിഞ്ഞ പ്രതി ഹിമാചൽപ്രദേശിലേക്ക് കടക്കുകയായിരുന്നു.

നാട്ടിൽ തിരികെയെത്തിയ വിവരമറിഞ്ഞ് എക്സൈസ് പ്രതിയെ പിടികൂടുകയായിരുന്നു. ചരസ് കടത്തിൽ കണ്ണികളായ മറ്റു ചിലർ കൂടി പിടിയിലാകുമെന്ന് എക്സൈസ് ഇൻസ്പെക്ടർ വി. ജെ. റോയ് അറിയിച്ചു.പരിശോധനയിൽ പ്രിവൻറീവ് ഓഫീസറൻമാരായ പി. എം. സുമേഷ്, റോയ് ജേക്കബ് സിവിൽ എക്സൈസ് ഓഫീസറൻമാരായ ബി. എം. ബിയാസ്, സുർജിത്ത്. റ്റി. ജി, ജയദേവ്. ആർ എന്നിവർ പങ്കെടുത്തു.

പൊലീസ് മർദ്ദനത്തിൽ ഗുരുതര പരിക്കുകളോടെ യുവാവിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു

അമ്പലപ്പുഴ: പൊലീസ് മർദ്ദനത്തിൽ ഗുരുതര പരിക്കുകളോടെ യുവാവിനെ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മണ്ണഞ്ചേരി പഞ്ചായത്ത് 17 ആം വാർഡ് പ്ലാവത്ത് വീട്ടിൽ പരീദുകുഞ്ഞിൻെറ മകൻ സുനീറിനെ (37) യാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

അടിപിടി കേസിൽ പ്രതിയായ സുനീർ മുൻകൂർ ജാമ്യം തേടിയതിനുശേഷം ഒളിവിൽ കഴിയുകയായിരുന്നു. ഇതിനിടയിൽ സുനീർ വീട്ടിലെത്തിയ വിവരമറിഞ്ഞ് പൊലീസ് വീട്ടിലെത്തുകയായിരുന്നു. കഴിഞ്ഞ 16 ന് പുലർച്ചെ 3ഓടെ വീടിൻെറ പിൻവാതിൽ ചവിട്ടിപ്പൊളിച്ച് അകത്തുകടന്ന 4 പൊലീസുകാർ ഭാര്യയുടെയും കുട്ടികളുടെയും മുന്നിലിട്ട് മർദ്ദിക്കുകയായിരുന്നെന്ന് സുനീർ പറഞ്ഞു. പിന്നീട് സ്റ്റേഷനിൽ എത്തിച്ച് കണ്ണിൽ കാന്താരി സ്പ്രേ അടിക്കുകയും ടോർച്ചുകൊണ്ട് മർദ്ദിക്കുകയും ചെയ്തു.

വൈകിട്ടോടെ കോടതിയിൽ ഹാജരാക്കിയ സുനീറിനെ റിമാൻറു ചെയ്തു. മർദ്ദിച്ചതായി കോടതിയെ ബോധ്യപ്പെടുത്തിയാൽ വീണ്ടും മർദ്ദിക്കുമെന്ന് പൊലീസ് ഭീഷണിപ്പെടുത്തിയെന്നും സുനീർ ആരോപിച്ചു. റിമാൻറിൽ കഴിയവെ സുനീറിന് ശാരീരിക അസ്വസ്ഥതകളുണ്ടായി. പിറ്റേന്ന് ജാമ്യം ലഭിച്ചതിനു ശേഷമാണ് ചികിത്സതേടിയത്.

രാഷ്ട്രീയ സമ്മർദ്ദത്തെ തുടർന്നാണ് തനിക്കെതിരെ മണ്ണഞ്ചേരി പോലീസ് വധശ്രമത്തിന് കേസ്സെടുത്ത് കള്ളക്കേസ്സിൽ കുടുക്കുകയാമായിരുന്നെന്ന് സുനീർ ആരോപിച്ചു.ഇതു മാ യി ബന്ധപെട്ട്, മനുഷ്യാവകാശ കമ്മീഷൻ പോലീസ് കബ്ലയിന്റ് അതോർട്ടി ചെയർമാൻ എന്നിവർക്ക് സുനീറിന്റെ കുടുംബം പരാതി നൽകും.

ശിലാസ്ഥാപനം

ചേർത്തല: എസ് എൻ ഡി പി യോഗം കണിച്ചുകുളങ്ങര യൂണിയൻ നിർമ്മിക്കുന്ന ഓഫീസ് സമുച്ചയത്തിന്റെ ശിലാസ്ഥാപനം എസ് എൻ ട്രസ്റ്റ് ബോർഡ് അംഗം ചള്ളിയിൽ സ്വാമിനാഥൻ നിർവഹിച്ചു. യൂണിയൻ പ്രസിഡന്റ് വി എം പുരുഷോത്തമൻ, വൈസ് പ്രസിഡന്റ് പി കെ ധനേശൻ പൊഴിക്കൽ, സെക്രട്ടറി കെ കെ മഹേശൻ, യൂണിയൻ കൗൺസിലർമാരായ കെ സോമൻ, സിബി നടേശ്, കുട്ടനാട് യൂണിയൻ കൺവീനർ പി എസ് എൻ ബാബു, യോഗം ഡയറക്ടർ ബോർഡ് അംഗം കെ കെ പുരുഷോത്തമൻ, കണിച്ചുകുളങ്ങര ശാഖായോഗം സെക്രട്ടറി വി മോഹനദാസ് എന്നിവർ പങ്കെടുത്തു.

ആർ സി ബുക്ക് നഷ്ടപ്പെട്ടു

എന്റെ ഉടമസ്ഥതയിലുള്ള KL 33 C 421 രജിസ്റ്റർ നമ്പരുള്ള വാഹനത്തിന്റെ ആർ സി ബുക്ക് നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ 15 ദിവസത്തിനകം ചങ്ങനാശ്ശേരി ആർ ടി ഓഫീസിൽ രേഖാമൂലം അറിയിക്കണം.

AJI RUINCE
EDAVETTAL PUTHENMADAM
KANGAZHA P.O
CHANGANASSERY